# പതിമൂന്നാം കേരള നിയമസഭ
## (പതിനാലാം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 4442 22/07/2015-ൽ മറുപടിയ്ക്ക്**

**പരവൂർ നെല്ലേറ്റിൽ കുടിവെള്ള ടാങ്ക് നിർമ്മാണം**

| ചോദ്യം<br>ശ്രീ. ജി. എസ്. ജയലാൽ: | | മറുപടി<br>ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
|---|---|---|
| (എ) | കൊല്ലം ജില്ലാ - തീരസമൃദ്ധി - പരവൂർ മുൻസിപ്പാലിറ്റിയിലെ കുടിവെള്ള പദ്ധതിയ്ക്ക് സ്ഥലം ലഭ്യമായത് പുതുക്കി ഭരണാനുമതി നൽകി നെല്ലേറ്റിൽ കുടിവെള്ള ടാങ്ക് നിർമ്മിക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ അപേക്ഷ (ഫയൽ നമ്പർ 2116/സി2/13) ഗവൺമെന്റിൽ ഉണ്ടോ; | (എ) പൂതക്കുളം ഗ്രാമപഞ്ചായത്തിലെ നെല്ലേറ്റിൽ വാട്ടർടാങ്ക് നിർമ്മക്കണമെന്ന് കാണിച്ച് പൂതക്കുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ അപേക്ഷ ലഭിച്ചിട്ടുണ്ട്. |
| (ബി) | ഈ അപേക്ഷയിന്മേൽ എന്തൊക്കെ നടപടികളാണ് നാളിതുവരെ സ്വീകരിച്ചിട്ടുള്ളത്; | (ബി) യും (സി) യും തീര സമൃദ്ധി പദ്ധതിയിൽ ഉൾപ്പെടുത്തി ഹാർബർ എഞ്ചിനീയറിംഗ് കൊല്ലം ഡിവിഷന്റെ പരിധിയിൽ 50 ലക്ഷം രൂപ അനുവദിച്ചതിൽ പരവൂർ വാട്ടർ ടാങ്ക്, കുഴൽകിണർ എന്നിവ നിർമ്മിക്കുന്നതിന് അനുയോജ്യമായ സ്ഥലം ലഭ്യമാക്കുന്നതിനായി പരവൂർ മുൻസിപ്പാലിറ്റിയോട് അഭ്യർത്ഥിച്ചിരുന്നു. അനുയോജ്യമായ സ്ഥലം ലഭ്യമാക്കാൻ മുൻസിപ്പാലിറ്റിക്ക് കഴിയാത്ത സാഹചര്യത്തിൽ ഈ പദ്ധതി ഒഴിവാക്കുന്നതിന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ആവശ്യപ്പെട്ടിരുന്നു. എന്നാൽ 11/2012 - ൽ പരവൂർ പുതക്കുളത്ത് നെല്ലേറ്റിൽ കടവിന് സമീപം നിലവിലുള്ള വാട്ടർ സപ്ലൈ സ്കീമിൽ, ഓവർ ഹെഡ് വാട്ടർ ടാങ്ക് നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമാണെന്ന് മുൻസിപ്പൽ അധികൃതർ അറിയിക്കുകയും പ്രസ്തുത സ്ഥലം ഉൾപ്പെടുത്തിയ ലേ ഔട്ട് ലഭ്യമാക്കുകയും ചെയ്തിരുന്നു. തീരസമൃദ്ധി പദ്ധതി പ്രകാരം 2002 - ൽ ആണ് കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിന് തുക അനുവദിച്ചിരുന്നത്. ഭരണാനുമതി ലഭിച്ച് അഞ്ച് വർഷത്തിനകം പദ്ധതി നടപ്പിലാക്കാൻ സാധിച്ചില്ലെങ്കിൽ തുടർന്ന് ടി പ്രവൃത്തി ചെയ്യുന്നതിന് അനുമതി നൽകണമെന്ന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ആവശ്യപ്പെട്ടിരുന്നു. എന്നാൽ തീര സമൃദ്ധി പദ്ധതിയിൽ അനുവദിച്ച്, പൂർത്തിയായ പ്രവൃത്തികളിൽ ഇനിയും ചിലവഴിക്കാതെ ബാക്കി നിൽക്കുന്ന തുക എത്രയും വേഗം തിരിച്ചടയ്ക്കുന്നതിനു നടപടി സ്വീകരിക്കണമെന്നുള്ള നിർദ്ദേശമനുസരിച്ച് ആയതിനുള്ള നടപടി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് സ്വീകരിച്ചുവരുന്നു. |
| (സി) | നെല്ലേറ്റിൽ കുടിവെള്ള ടാങ്ക് നിർമ്മിക്കുന്നതിലേക്ക് തടസ്സങ്ങൾ എന്തെങ്കിലും നിലവിലുണ്ടോ; എങ്കിൽ അവ ഒഴിവാക്കി ടാങ്ക് നിർമ്മാണം ആരംഭിക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ? | |

സെക്ഷൻ ആഫീസർ